# UDAYADEEPA



VOL. XVII ISSUE - 11
NOVEMBER-2025 BELTHANGADY

# Blessing of the Perpectual Adoration Chapel

## Mundaje

## 26th October 2025





# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

Vol. XVII Issue-11 November - 2025 Page- 40

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS


01. Episcopal Consecration 05

02. Notifications from the Chancellery 09

03. Catechism Department News 11

04. Bible Apostolate 17

05. Youth Apostolate 21

06. Social Service Department 22

07. St. Vincent De Paul Society 25

08. Photo Gallery 27

09. Bishop's Diary 35

10. Bishop's Engagements (Bp. James Patteril CMF) 38

11. Bishop's Engagements (Bp. Lawrence Mukkuzhy) 39

# നിയുക്ത മെത്രാൻ മോൺ. ജെയിംസ് പട്ടേരിയിൽ പിതാവിന്റെ മെത്രാഭിഷേകം

**മെത്രാഭിഷേക ചടങ്ങുകൾക്കുളള സജ്ജീകരണങ്ങൾ പൂർത്തിയായി**

ബെൽത്തംഗഡി രൂപതയുടെ നിയുക്ത മെത്രാനായ ജെയിംസ് പട്ടേരിൽ പിതാവിന്റെ മെത്രാഭിഷേക ചടങ്ങുകൾക്കുളള ഒരുക്കങ്ങൾ പൂർത്തിയായി. വിവിധ കമ്മിറ്റികൾ മെത്രാഭിഷേക ചടങ്ങുകൾ ഏറ്റവും ഭംഗിയാക്കുവാൻ ദിവസങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 2025 നവംബർ 5 നു രാവിലെ 9.00 നു അഭിഷേക വേദിയിലേക്കുള്ള പ്രദക്ഷിണത്തോടെ മെത്രാഭിഷേക കർമ്മങ്ങൾ ആരംഭിക്കും. നേരത്തെ അറിയിച്ചിട്ടുളളതുപോലെ എല്ലാവരുടെയും സാന്നിധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു. നമുക്ക് ഭക്തിപൂർവ്വം തിരുകർമ്മങ്ങളിൽ പങ്കുകൊണ്ടു നിയുക്ത മെത്രാൻ ജെയിംസ് പട്ടേരിൽ പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യാം. മെത്രാഭിഷേക തിരുകർമ്മങ്ങളെ തുടർന്ന് അനുമോദനച്ചടങ്ങുണ്ടാകും. സ്നേഹവിരുന്നോടെ മെത്രാഭിഷേക ചടങ്ങുകൾ സമാപിക്കും.

മെത്രാന്മാരുടെ സ്വീകരണവും മെത്രാഭിഷേകവും സ്ഥാനാരോഹണ ചടങ്ങും വി. കുർബ്ബാനയും തുടർന്ന് പൊതുസമ്മേളനവും 2025 നവംബർ 5-ാം തീയതി രാവിലെ 8.30 ന് ആരംഭിക്കും. രാവിലെ 9.15 ന് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മെത്രാഭിഷേകവും സ്ഥാനാരോഹണ ചടങ്ങുകളും ആരംഭിക്കും. തുടർന്ന് പുതിയ മെത്രാൻ മാർ ജെയിംസ് പട്ടേരിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബാന അർപ്പിക്കപ്പെടും. തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് വചന സന്ദേശം നൽകും. 12.30 ന് മാർ ലോറൻസ് മുക്കുഴി പിതാവിന് യാത്രാമംഗളങ്ങൾ നേരാനും അഭിവന്ദ്യ ജെയിംസ് പട്ടേരിൽ പിതാവിനെ അനുമോദിക്കുവാനുമുള്ള പൊതുസമ്മേളനം ആരംഭിക്കും. സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തും. സി.ബി. സി. ഐ. പ്രസിഡന്റ് മാർ ആഡ്രൂസ് താഴത്ത് പിതാവ് അദ്ധ്യക്ഷത വഹിക്കും. കെ. ആർ. സി. ബി.സി. പ്രസിഡന്റ്, ആർച്ച്

ബിഷപ്പ് പീറ്റർ മച്ചാതൊ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഭാരതത്തിലെ അപ്പസ്തോലിക്ക് ന്യുൺഷ്യോ, ആർച്ചുബിഷപ്പ് ലിയോ പോൾദോ ജിറെല്ലിയ്ക്ക്വേണ്ടി മോൺ. ആൻഡ്രിയ ഫ്രാൻസിയ ന്യുൺഷ്യോയുടെ സന്ദേശം വായിക്കും. ക്ലരീഷ്യൻ സന്യാസ സമൂഹത്തിന്റെ സുപ്പിരിയർ ജനറൾ പെരിയ ബഹു. മാത്യു വട്ടമറ്റംവും ക്ലരീഷ്യൻ സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിഷ്യൽ പെരിയ ബഹു. സിബി ഞാവള്ളിക്കുന്നേൽ അച്ചനും ആശംസകളർപ്പിക്കും. മത- രാഷ്ട്രീയ - സാമൂഹ്യ രംഗങ്ങളിലെ പ്രമുഖരും പങ്കെടുക്കും.

## Programmes

8.30 a.m. : Reception to the Major Archbishop/ Archbishops/ Bishops infront of the Cathedral

8.45 a.m. : Start Vesting

9.00 a.m. : Start the Eucharistic Procession

9.15 a.m. : **Start the Episcopal Consecration at Cathedral Church**

**Welcome: Rev. Msgr. Joseph Valiaparambil**
(Proto Syncellus, Diocese of Belthanagdy)

**Reading of the Canonical Provision (English):**
**Very Rev. Fr. Lawrence Poonolil**
(Chancellor, Diocese of Belthangady)

**Main Consecrator : His Beatitude Mar Raphael Thattil**
(Major Archbishop of Syro-Malabar Church)

**Co-Consecrator : His Grace Mar Joseph Pamplany**
(MetropolitanArchbishop of Tellicherry)

**Co-Consecrator : His Excellency Mar Lawrence Mukkuzhy**
(Bishop of Belthangady)

**Archdeacon : Very Rev. Fr. Abraham Patteril**
(Procurator, Diocese of Belthangady)

**Concelebrant : Very Rev. Dr. Mathew Vattamattam CMF**
(Superior General, Claretian Congregation, Rome)

**Holy Mass : His Excellency Mar James Patteril CMF**
(Newly Consecrated Bishop, Diocese of Belthangady)

**Homily** : **His Grace Mar Joseph Pamplany**
(MetropolitanArchbishop of Tellicherry)

**Installation Ceremony**

**Felicitation by the Archbishops/Bishops**

**Profession of Loyalty**

**Group Photo session with the Major Archbishop/ Achbishops/Bishops**

**Stage Programmes**

**Prayer** : **Diocesan Choir**

**Welcome** : **Rev. Fr. Mathew Alapatt**
Co-ordinator, Episcopal Consecration Committee

**Blessings** : **His Beatitude, Mar Raphael Thattil**
Major Archbishop of Syro- Malabar Church

**Inauguration** : **His Grace, Most Rev. Dr. Peter Machado**
President, KRCBC & Metropolitan
Archbishop of Bangalore

**Presidential Address:** **His Grace, Mar Andrews Thazhath**
President,CBCI & Metropolitan Archbishop of
Trichur

**Reading the Nuncio's Message :**
**Rev. Msgr. Andrea Francia**
Deputy of the Apostolic Nuncio for India & Nepal

**Felicitation Song** : **Rev. Sr. Reshmi Maria CMC and Team**

**Voice of the New Shepherd** : **Mar James Patteril CMF**
New Bishop of Belthangady

**Felicitation** : **Very Rev. Fr. Mathew Vattamattam CMF**
Superior General, Claretian Congregation, Rome

**Felicitation** : **Very Rev. Fr. Thomas Kannamkal**
Secretary, Presbyterium

**Felicitation** : **Rev. Sr. Liss Mathew S.H.**
Superior, Marymatha Region

**Felicitation** : **Mr. Bitty Nedunilam**
President, KSMCA

**Felicitation** : **Very Rev. Fr. Siby Njavallikunnel CMF**
Provincial Superior, St. Thomas Syro-Malabar Province, Karukutty

**Reply** : **His Excellency, Mar Lawrence Mukkuzhy**
Bishop of Belthangady

**Vote of Thanks** : **Mrs. Jecintha Puthenpura**
Secretary, Diocesan Pastoral Council

## *Papal Anthem*

**പ്രത്യേക അറിയിപ്പ്**

1. എല്ലാ വൈദികരും കാപ്പ ഉൾപ്പെടെയുള്ള തിരുവസ്ത്രങ്ങൾ കൊണ്ടുവരണം. എല്ലാവരും പ്രദക്ഷിണത്തിൽ പങ്കെടുക്കാൻ തക്കവിധത്തിൽ രാവിലെ 8.20 ന് മുമ്പ് എത്തിച്ചേരുമല്ലോ. സാധിക്കുന്നവരെല്ലാം ഗോൾഡൻ കാപ്പ കൊണ്ടുവരുന്നത് നന്നായിരിക്കും.

3. കൃത്യസമയത്ത് എത്തിച്ചേരാനും എല്ലാ പരിപാടികളും കഴിഞ്ഞു മാത്രം പോകാനും സാന്നിധ്യംകൊണ്ട് പരിപാടികൾ വിജയിപ്പിക്കാനും സഹകരിക്കുമല്ലോ.

3. വാഹനങ്ങൾ പാർക്ക് ചെയ്യേണ്ട കാര്യങ്ങൾ പാർക്കിംങ് കമ്മിറ്റി കൺവീനർ ബഹു. ആദർശ് പുതിയേടത്ത് അച്ചൻ നൽകുന്ന വിവരണങ്ങൾക്കനുസരിച്ച് വാഹനങ്ങൾ പാർക്കചെയ്യാൻ ശ്രമിക്കുമല്ലോ.

**Msgr. Joseph Valiaparambil**
General Convener

**Rev. Fr. Sunny Mathew Alappatt**
General Coordinator

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for November - 2025**

ആത്മഹത്യയെ ചെറുക്കുന്നതിനുവേണ്ടി :

ആത്മഹത്യ ചെയ്യാൻ പ്രലോഭിപ്പിക്കപ്പെട്ടവർ തങ്ങളുടെ സമൂഹത്തിനുള്ളിൽ നിന്ന് തങ്ങൾക്ക് ആവശ്യമായ പിന്തുണയും കരുതലും സ്നേഹവും കണ്ടെത്തി ജീവന്റെ സൗന്ദര്യത്തിലേക്ക് തുറവിയുള്ളവരാകുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

♦ **Let us pray for Rev. Fathers** :

Prayerful Greetings to Very Rev. & Rev. Fathers

## Birth day :

| | |
|---|---|
| Joseph Cheeran | 12 |
| Varghese Kolakunnel | 12 |
| Varghese Puthiyedath | 30 |

## Feast day

| | |
|---|---|
| Christin Puthiyakunnel | 23 |

♦ **വൈദിക സമ്മേളനം (Priests' Conference)**

2025 നവംബർ 20-ാം തീയ്യതി വൈകുന്നേരം 5.00 മണിമുതൽ 21-ാം തീയ്യതി ഉച്ചവരെ വൈദിക സമ്മേളനം ഉണ്ടായിരിക്കുന്നതാണ്.

♦ **വിശുദ്ധ കുർബാനയുടെ കാറോസൂസയിലും പുതിയ പിതാവിനെ അനുസ്മരിക്കേണ്ടത്:**

2025 നവംബർ 5നു ശേഷം വിശുദ്ധ കുർബാനയുടെ കാറോസൂസയിലും യാമപ്രാർത്ഥനയുടെ കാറോസൂസയിലും ചൊല്ലേണ്ടത്: '...........ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ ജെയിംസ് മെത്രാനെയും, മറ്റെല്ലാ മെത്രാന്മാരെയും ആത്മീയ നന്മകൾ നൽകി അനുഗ്രഹിക്കണമെന്ന്......... '.

♦ **തലശ്ശേരി അതിരൂപത സംയുക്ത കൂരിയാ സമ്മേളനം:**

തലശ്ശേരി അതിരൂപതയിലെ സാമന്ത രൂപതകളുടെ സംയുക്ത കൂരിയാ സമ്മേളനം 2025 നവംബർ 27ന് തലശ്ശേരി ബിഷപ്സ് ഹൗസിൽ വച്ച് രാവിലെ 10.00 ന് അഭി. ജോസഫ് പാംപ്ലാനി പിതാവിന്റെ അദ്ധ്യക്ഷത യിൽ ഒരുമിച്ചുകൂടുന്നു. രുപതകളുടെ അജപാലന കാര്യപരിപാടികൾ വിലയിരുത്തുകയും, പൊതുവായ ഭാവി അജപാലന കാര്യപരിപാടി കൾ പ്ലാൻ ചെയ്യുന്നതാണ്. തലശ്ശേരി അതിരൂപതയിലെ സാമന്ത രൂപ തകളുടെ അഭി. പിതാക്കന്മാരും, വികാരി ജനറാൾമാരും, ചാൻസിലർമാ രും, പ്രൊക്യുറേറ്റർമാരും, ജുഡിഷ്യൽ വികാരിമാരും പങ്കെടുടുക്കുന്ന താണ്.

- ♦ **Appointments:Representatitives of Karnataka Christian Community Development Cooperation Limited, Government of Karnataka.**

1. **KCCDC Diocesan Priests' Representative : Rev.Fr.Adarsh Joseph Puthiyedath**
2. **KCCDC Diocesan Lay Representative : Mr. Jaison Patteril**

- ♦ **Special Collection : Communication & Media - 16h November 2025**

**Fr. Lawrence Poonolil**
Chancellor

# വിശ്വാസപരിശീലന രംഗം

**"മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനും ആണ് കള്ളൻ വരുന്നത്; ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനും ആണ്."** - യോഹ10:10

## മോൺസിഞ്ഞൂർ ജെയിംസ് പട്ടേരിൽ പിതാവിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും

നവംബർ അഞ്ചാം തീയതി നമ്മുടെ പ്രിയപ്പെട്ട ജെയിംസ് പട്ടേരിൽ പിതാവിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും ബെൽത്തംഗഡി കത്തീഡ്രൽ പള്ളിയിൽവച്ച് നടത്തപ്പെടുന്നതാണ്. രാവിലെ 9.00 മണിക്ക് തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നതാണ്. എല്ലാവരും വന്ന് ഈ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് നമ്മുടെ പുതിയ പിതാവിനു വേണ്ടി പ്രാർത്ഥിക്കണമെന്നും ഈ തിരുക്കർമ്മങ്ങൾ ഏറ്റവും മനോഹരമാക്കി തീർക്കണമെന്നും നിങ്ങളോട് ഞാൻ അപേക്ഷിക്കുന്നു.

## ക്രിസ്തുരാജന്റെ തിരുനാൾ

നവംബർ 23 ാം തീയതി തിരുസഭ ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുകയാണ്. ഈ വർഷം ജൂബിലി വർഷമായതുകൊണ്ട് ബെൽത്തംഗഡി രൂപതയിൽ ക്രിസ്തുരാജന്റെ തിരുനാൾ വളരെ ആഘോഷമായി കൊണ്ടാടണമെന്നും അടുത്തടുത്തുള്ള ഇടവകകൾ പരസ്പരം യോജിച്ചുകൊണ്ട് റാലി നടത്തണമെന്നും പാസ്റ്ററൽ കൗൺസിൽ തീരുമാനിച്ച കാര്യം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഇതനുസരിച്ച് വിശ്വാസ പരിശീലകരും കുട്ടികളും ഇടവകയുടെ തീരുമാനങ്ങളോട് സഹകരിച്ചുകൊണ്ട് ക്രിസ്തുരാജന്റെ തിരുനാൾ വളരെ മനോഹരമായി കൊണ്ടാടണം എന്ന് നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

ക്രിസ്തുവാണ് നമ്മുടെ രാജാവെന്നും ക്രിസ്തുവാണ് നമ്മുടെ രക്ഷകൻ എന്നും ക്രിസ്തുവിലാണ് നമ്മുടെ ആശ്രയം എന്നും ഈ ആഘോഷങ്ങളിലൂടെ ഓരോരുത്തരെയും ബോധ്യപ്പെടുത്തുന്ന രീതിയിൽ നമുക്ക് ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കാം, ക്രിസ്തുവിന് സാക്ഷ്യം വഹിക്കാം.

## ഒന്നാം സെമസ്റ്റർ പരീക്ഷ

ഒക്ടോബർ 26 ാം തീയതി ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തപ്പെട്ടു. ഈ പരീക്ഷ വളരെ നല്ല രീതിയിൽ നടത്താൻ സഹായിച്ച ബഹുമാനപ്പെട്ട അച്ഛന്മാർക്കും പ്രധാന അധ്യാപകർക്കും പ്രത്യേകം നന്ദി.

## വിശ്വാസ പരിശീലന അധ്യാപക ദിനം

നവംബർ നാല് വിശുദ്ധ ചാൾസ് ബോറോമിയോയുടെ തിരുനാൾ ദിനമാണ്. അന്നേ ദിവസം പരിശുദ്ധ കത്തോലിക്കാ സഭ വിശ്വാസ പരിശീലകരുടെ ദിനമായി ആഘോഷിക്കുന്നു. എല്ലാ വിശ്വാസ പരിശീലകർക്കും ഈ ദിനത്തിന്റെ ആശംസകളും ദൈവാനുഗ്രഹവും വളരെ സ്നേഹത്തോടെ നേരുന്നു. നിങ്ങളുടെ നിസ്വാർത്ഥമായ സേവനത്തിന് ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഊ വിശ്വാസ പരിശീലന പ്രക്രിയയിൽ ആത്മാർത്ഥമായി സഹകരിക്കുന്ന നിങ്ങൾ ബെൽത്തംഗഡി രൂപതയുടെ അനുഗ്രഹമാണ്. വിശ്വാസത്തിൽ ആഴപ്പെട്ട പുതിയ ഒരു തലമുറയെ വാർത്തെടുക്കുകയാണ് നിങ്ങൾ. വലിയ വിശ്വാസ പരിശീലകനായ യേശു കർത്താവ് നിങ്ങൾക്ക് എല്ലാ കൃപയും നന്മയും ധൈര്യവും നൽകി വഴി നടത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒരിക്കൽ കൂടി ഈ ദിനത്തിന്റെ ആശംസകൾ.

## മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

കത്തോലിക്കാ തിരുസഭ നവംബർ മാസം മരിച്ചവരെ ഓർക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും മാറ്റിവച്ചിരിക്കു കയാണ്. നമുക്കും മൺമറഞ്ഞു പോയ നമ്മുടെ കുടുംബാംഗങ്ങൾ, ബന്ധുക്കൾ, മിത്രങ്ങൾ, കൂട്ടുകാർ, പരിചയക്കാർ എന്നിവരെ ഓർത്ത് അവർക്കുവേണ്ടി പ്രാർത്ഥിക്കാം. കുടുംബ പ്രാർത്ഥനയുടെ സമയത്ത് 'മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക് ...' എന്ന പ്രാർത്ഥന ചൊല്ലി നവംബർ മാസം മുഴുവനും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാം.

## സിൽവർ ജൂബിലി അധ്യാപകർ

രൂപതയിലെ വിശ്വാസ പരിശീലന രംഗത്ത് 25 വർഷമായി പ്രവർത്തിക്കുന്ന അധ്യാപകർ ഉണ്ടെങ്കിൽ അവരുടെ പേര് വിവരങ്ങൾ ഈ മാസം 30 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരേണ്ടതാണ്.

## മിഷൻ ക്വസ്റ്റ് 2025

സഭാകേന്ദ്രത്തിൽനിന്നും നടത്തപ്പെടുന്ന മിഷൻ ക്വസ്റ്റ് നവംബർ മാസം എട്ടാം തീയതി വൈകുന്നേരം ആറുമണിക്ക് ആരംഭിക്കുന്നതാണ്. അതിന്റെ ലിങ്ക് നമ്മുടെ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുന്നതാണ്. എല്ലാ അധ്യാപകരും കുട്ടികളും അതുപോലെ ഇടവകയിൽനിന്നും പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാവരും ഈ ഓൺലൈൻ പരീക്ഷയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## സണ്ടേസ്കൂൾ സന്ദർശനം

5-10-2025 ന് ഉജിറെ, ഭട്ടിയാൽ എന്നീ ഇടവകകൾ സന്ദർശിച്ചു. അതിനുവേണ്ടുന്ന ക്രമീകരണങ്ങൾ നടത്തിയ വികാരിയച്ചന്മാർക്കും പ്രധാന മദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

## അടുത്ത സന്ദർശനങ്ങൾ

16-11-2025 - ജഡ്ക്കൽ, മുദൂർ, അഡ്ഡഹൊളെ, ശിരാഡി.

23-11-2025- ഉദനെ, നെല്ല്യാടി, ആറ്ള, പദവു.

30-11-2025- കുദ്രുപ്പാടി, നീരാജെ, നെട്ടണ, ഗുത്തിഗാർ

04-01-2026-ഗോണിക്കൊപ്പലു,ഹെഗ്ഗള,മൂർനാടു, ഹൊസകോട്ടെ.

11-01-2026- സിദ്ധാപുര, സിദ്ധലിംഗാപുര, മണിപ്പാൽ.

18-01-2026- പുത്തൂർ, സംപാജെ, സുള്യ, ശിർലാൽ.

## വാർഷിക സെമിനാർ

ഈ വർഷത്തെ വാർഷിക സെമിനാർ നവംബർ 7, 8 തീയതികളിൽ രണ്ട് ബാച്ചുകളായി നടന്നു. ബഹുമാനപ്പെട്ട ഡോ. അരുൺ കലമറ്റത്തിൽ അച്ചനാണ് ഈ സെമിനാർ നയിച്ചത്. ഏഴാം തീയതി 200 അധ്യാപകരും എട്ടാം തീയതി 93 അധ്യാപകരും ഈ സെമിനാറിൽ പങ്കെടുത്തു. സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുന്നു.

# ചെറുപുഷ്പ മിഷൻലീഗ്

## മിഷൻ മാസം

മിഷൻ മാസമായ ഒക്ടോബർ നിങ്ങൾ നല്ല രീതിയിൽ ആചരിച്ചതായി മനസ്സിലാക്കാൻ സാധിച്ചു. എല്ലാവർക്കും പ്രത്യേകം നന്ദി. മിഷൻ ഞായറിൽ ഭവനങ്ങളിൽ പോവുകയും മിഷൻ സന്ദേശം നല്കുകയും ചെയ്തതിന് പ്രത്യേകം നന്ദി പറയുന്നു. ഈ മാസം നിങ്ങൾക്ക് കിട്ടിയ കളക്ഷന്റെ 60% രൂപതാ കേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കണമെന്ന് അപേക്ഷിക്കുന്നു. അതിൽ 10% രൂപതയിൽ നടക്കുന്ന മിഷൻ പ്രവർത്തനങ്ങളുടെ ചിലവിനായി ഉപയോഗിക്കുന്നതാണ്. 50 % മാർപാപ്പായുടെ മിഷൻ ഫണ്ടിലേക്ക് അയച്ചുകൊടുക്കുന്നതാണ്.

## പ്രതിഭാ സംഗമം

ഡിസംബർ 26, 27, 28 തീയതികളിൽ കാക്കനാട് മൗണ്ട് സൈന്റ തോമസിൽവച്ച് പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി പ്രതിഭാ സംഗമം നടത്തപ്പെടുന്നതാണ്. നമ്മുടെ രൂപതയിൽനിന്നും രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും ഇതിൽ പങ്കെടുക്കേണ്ടതാണ്. നന്നായി പഠിക്കുന്ന നല്ല കഴിവുകൾ ഉള്ള താല്പര്യം ഉള്ള കുട്ടികളുടെ പേര് രൂപതാ കേന്ദ്രത്തിൽ നവംബർ 15 ന് മുമ്പായി അറിയിക്കേണ്ടതാണ്.

## മിഷൻ ലീഗിന്റെ സംസ്ഥാനതല വാർഷിക ആഘോഷം

മിഷൻ ലീഗിന്റെ കർനാടക സംസ്ഥാനതല വാർഷിക ആഘോഷം ഈ വർഷം ഭദ്രാവതി രൂപതയിലെ എൻആർപുരത്ത് വച്ചാണ് നടത്തപ്പെടുന്നത്. അത് നവംബർ ഒമ്പതാം തീയതി ഞായറാഴ്ചയാണ്. ഈ സമ്മേളനത്തിലേക്ക് സാധിക്കുന്ന എല്ലാവരെയും സ്വാഗതം ചെയ്യുന്നു. ഉച്ചഭക്ഷണത്തിനുശേഷം റാലിയും അതിനുശേഷം സമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. അതിനു മുമ്പായി രാവിലെ 11.00 മണിക്ക് സംസ്ഥാനതല ഇലക്ഷൻ നടത്തപ്പെടുന്നതാണ്. നമ്മുടെ രൂപതയിലെ രൂപതാതല സി.എം.എൽ. ഭാരവാഹികൾ എല്ലാവരും ഈ സമ്മേളനത്തിൽ എത്തിച്ചേരുകയും ഇലക്ഷന് ഹാജരാകുകയും ചെയ്യണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

### ചെയിൻ പ്രയർ

| | | |
|---|---|---|
| Shirlal and Banavara | - | 2-9 Nov. 2025 |
| Kuthlur and Hoskote | - | 9-16 Nov. 2025 |
| Mantrady and Sampaje | - | 16-23 Nov. 2025 |
| Kervase and Sullia | - | 23-30 Nov. 2025 |
| Mala- Chowki and Guthigar | - | 30-11 to 7- 12- 2025 |

**പ്രവർത്തനം**

മിഷൻ ഗ്രാമത്തെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥന ചൊല്ലി മൺമറഞ്ഞുപോയ എല്ലാം മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

**വചനം**

ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല. - യോഹ 1:5

**അനുസ്മരിക്കുന്ന തിരുനാൾ**

ക്രിസ്തുരാജന്റെ തിരുനാൾ - നവംബർ 26

**സുകൃത ജപം**

ക്രിസ്തു രാജൻ ജയിക്കട്ടെ, ക്രിസ്തു രാജ്യം വളരട്ടെ.

## മിഷൻ ലീഗിനെ അറിയാൻ

**അംഗത്വ നഷ്ടവും പുനർലബ്ധിയും**

**അംഗത്വ നഷ്ടം**

1. തുടർച്ചയായി മൂന്ന് മാസം ഗ്രൂപ്പ് മീറ്റിംഗുകളിലോ മാസ സമ്മേളങ്ങളിലോ തക്ക കാരണം കൂടാതെ പങ്കെടുക്കാതിരിക്കുകയോ ദിവ്യകാരുണ്യ സ്വീകരണം മുടക്കുകയോ ചെയ്യുക.
2. ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളിൽ സാരമായ വീഴ്ച വരുത്തുക
3. സംഘടന ആവശ്യപ്പെടുന്ന അച്ചടക്കം പാലിക്കാതിരിക്കുക.
4. പ്രതിവർഷമുള്ള അംഗത്വ നവീകരണവും അംഗത്വ ഫീസും മുടക്കുക

5. വിശ്വാസത്തിനും സന്മാർഗത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

**തിരുത്തൽ നടപടികൾ**

**എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് എതിരെ**

1. ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളിൽ വീഴ്ച വരുത്തുക
2. സംഘടന ആവശ്യപ്പെടുന്ന അച്ചടക്കം പാലിക്കാതിരിക്കുക
3. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക
4. തെരഞ്ഞെടുക്കപ്പെട്ട തലത്തിൽ തുടർച്ചയായ മൂന്ന് സമ്മേളനങ്ങളിൽ നിന്നും തക്കതായ കാരണം കൂടാതെ വിട്ട് നിൽക്കുക.

**സെമിനരി ഫണ്ട്**

| | | |
|---|---|---|
| ഗണ്ഡിബാഗിലു | - | 2350 രൂപ |
| കുത്ലൂർ | - | 1000 രൂപ |
| കാഞ്ചാൽ | - | 2000 രൂപ |
| ആറള | - | 1000 രൂപ |
| നെല്ലിയാടി | - | 2000 രൂപ |
| സിദ്ധാപുര കൊടഗു | - | 2000 രൂപ |

# തിരുബാലസഖ്യം

**ബൈബിൾ കലോത്സവം**

ഫൊറോനതല മത്സരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മത്സരം നടത്തിക്കഴിഞ്ഞവർ വിജയികളുടെ പേര്വിവരങ്ങൾ തന്നിരിക്കുന്ന ഫോർമാറ്റിൽ പൂരിപ്പിച്ച് രൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിൽ തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രവർത്തനം**

ഒരു സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന ചൊല്ലി എല്ലാ ദിവസവും സകല മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കണം.

**വചനം**

അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. യോഹ 1:4

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ മാർട്ടിൻ ഡി പോറസ് - നവംബർ 3

സുകൃത ജപം

ഈശോ മറിയം യൗസേപ്പേ, മരിച്ച ആത്മാക്കൾക്ക് കൂട്ടായിരിക്കേണമേ.

# ബൈബിൾ അപ്പസ്തോലേറ്റ്

**ബൈബിൾ എഴുതി പൂർത്തിയാക്കുക**

കഴിഞ്ഞ മാസം ആവശ്യപ്പെട്ടതനുസരിച്ച് ബൈബിൾ എഴുതി പൂർത്തിയാക്കിയവർ നിങ്ങളുടെ ക്ലാസ് അധ്യാപകരെ ഏൽപ്പിക്കുക. ഇടവകയിൽ ലഭിച്ച കയ്യെഴുത്ത് പ്രതികളിൽ ഏറ്റവും മികച്ച രണ്ടെണ്ണംവീതം (ജൂനിയർ 2, സീനിയർ 2) രൂപതാതല മത്സരത്തിനായി രൂപതാ കേന്ദ്രത്തിലേക്ക് അയച്ച് തരിക. രൂപതയിൽ സെലക്ഷൻ കിട്ടുന്ന കൈയെഴുത്ത് പ്രതികൾക്ക് സമ്മാനം നല്കുന്നതായിരിക്കും. നവംബർ 30 ന് മുമ്പായി കയ്യെഴുത്ത് പ്രതികൾ രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ജ്ഞാന സന്ദേശ ബൈബിൾ ക്വിസ്**

1. നവംബർ ഒമ്പതാം തീയതി ഇടവകാതലത്തിൽ നടത്തപ്പെടുന്ന ജ്ഞാന സന്ദേശ ബൈബിൾ ക്വിസ്സിൽ അധ്യാപകരും കുട്ടികളും മാതാപിതാക്കളും യുവജനങ്ങളും പങ്കു ചേരണമെന്ന് നിങ്ങളോട് അപേക്ഷിക്കുന്നു.
2. ഈ പ്രാവശ്യം മുഴുവൻ ചോദ്യവും Multiple choice ആയിരിക്കും.
3. സമയം: രാവിലെ 10.00 - 11.30
4. ശരിയായ ഉത്തരത്തിന് പൂർണമായും **ഷേഡ്** ചെയ്യണം. ✓, ✗ ഈ മാർക്കുകളൊന്നും ഇടാൻ പാടില്ല.
5. തെറ്റായി ഷേഡ് ചെയ്ത ഒരു ചോദ്യത്തിന് കാല് മാർക്ക് (1/4) മൈനസ് ചെയ്യപ്പെടും.

6. ഒരു ചോദ്യത്തിനു ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ ഷേഡ് ചെയ്താലോ, ഷേഡ് ചെയ്തതിനെ അടിച്ചുകളഞ്ഞു വേറെ ഷേഡ് ചെയ്താലോ ഒരു ചോദ്യത്തിന് കാല് മാർക്കുവീതം (1/4) മൈനസ് ചെയ്യപ്പെടും.

7. ഡിസംബർ 14 ന് രൂപതാ തലത്തിൽ ബൈബിൾ ക്വിസ് നടത്തപ്പെടുന്നതാണ്. രൂപതാതല ക്വിസ്സിന് 6 പേരടങ്ങുന്ന റ്റീം താഴെ കാണുന്ന രീതിയിൽ രൂപീകരിക്കണം:

| | | |
|---|---|---|
| 5th to 8th | - | 1 student |
| 9th to 12th | - | 2 student |
| Teachers or Sisters | - | 2 members |
| Youth or Parent | - | 1 member |

8. അധ്യാപകരെ Youth or Parent ഗ്രൂപ്പിൽ പരിഗണിക്കുന്നതല്ല.

**വി. യോഹന്നാൻ അറിയിച്ച സുവിശേഷം**

തുടർച്ച ...

**20:1 ആഴ്ചയുടെ ഒന്നാം ദിവസം:** യഹൂദർക്ക് ആഴ്ചയുടെ ആദ്യദിവസം ശനിയാഴ്ച സൂര്യാസ്തമയം മുതൽ ഞായറാഴ്ച സൂര്യാസ്തമയം വരെയാണ്.

**20:4 – യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യൻ:** യേശുവിന്റെ മണിക്കൂറിലെ സംഭവങ്ങളുമായാണ് ഈ ശിഷ്യനെ ബന്ധപ്പെടുത്തി പറയുന്നത്. ശിഷ്യത്വത്തിന്റെ ലക്ഷ്യം യേശുവുമായുള്ള സ്നേഹവും അടുപ്പവും ആണെന്ന് ഈ ശിഷ്യന്റെ ചിത്രം ദ്യോതിപ്പിക്കുന്നു.

**20:5 – അകത്തു പ്രവേശിച്ചില്ല:** യോഹന്നാൻ ആദ്യം കല്ലറയുടെ അടുത്തെത്തിയെങ്കിലും പത്രോസ് ആദ്യം കല്ലറയിൽ പ്രവേശിക്കാനായി മാറി നിൽക്കുന്നത് യേശു പത്രോസിന് നൽകിയ സ്ഥാനത്തോടുള്ള യോഹന്നാന്റെ ആദരവും ബഹുമാനവും ആണ് പ്രകടമാക്കുന്നത്.

**20:15 – നീ ആരെയാണ് അന്വേഷിക്കുന്നത്?:** ഈ ചോദ്യത്തിന് രണ്ട് തലങ്ങളുണ്ട്. മറിയം ഇപ്പോൾ അന്വേഷിക്കുന്നത് യേശുവിന്റെ മൃതശരീരം ആകാം. പക്ഷേ ഈ ചോദ്യം 1:38 ആദ്യ ശിഷ്യരോടുള്ള ചോദ്യത്തിന് സമാനമാണ്. രണ്ടിടത്തും ശിഷ്യത്വത്തിലേക്കുള്ള വിളിയുണ്ട്.

**20:17 – നീ എന്നെ സ്പർശിക്കരുത്:** നീയും എന്റെ അടുക്കൽ പറ്റി നിൽക്കരുത് എന്ന അർത്ഥമാണ് കൂടുതൽ ഉചിതം. യേശുവിന്റെ പക്കൽ തന്നെ നിൽക്കാതെ താമസം കൂടാതെ സദ്വാർത്ത അറിയിക്കുക എന്നതാണ് ഇവിടെ മനസ്സിലാക്കേണ്ടത്.

**എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും:** യേശുവിന്റെ പിതാവ് എല്ലാവരുടെയും പിതാവായി മാറുന്നത് 1:13 ലെ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ്. യേശു ആരോഹണം ചെയ്യുന്നതോടെ ശിഷ്യർ ദൈവമക്കളായി പുനർജനിക്കുന്നു. അതുകൊണ്ടാണ് യേശു അവരെ സഹോദരൻ എന്ന് വിളിക്കുന്നത്.

**20:19 – നിങ്ങൾക്ക് സമാധാനം:** ഇതൊരു സാധാരണ ആശംസ ആകാമെങ്കിലും യോഹന്നാൻ 14:27 ഇതിൽ പ്രതിധ്വാനിക്കുന്നുണ്ട്. യേശു നൽകുന്ന സമാധാനം രക്ഷാകര അനുഭവമാണ്.

**20:20 – കൈകളും പാർശ്വവും:** കുരിശിൽ തറക്കപ്പെടുകയും മരിക്കുകയും ചെയ്ത അതേ ശരീരവുമായാണ് യേശു ഉയർപ്പിക്കപ്പെട്ടത്.

**20:22 – അവരുടെ മേൽ വിശ്വസിച്ചു:** ദൈവം ആദത്തിന്റെ നാസാരന്ധ്രങ്ങളിലേക്ക് ജീവന്റെ ശ്വാസം നിശ്വസിക്കുമ്പോഴും ഉല്പത്തി 2:7, ഏലിയാ പ്രവാചകന് തന്റെ നിശ്വാസത്താൽ ബാലനെ പുനർജീവിപ്പിക്കുമ്പോഴും 1 രാജ 17:21, ദൈവം അസ്ഥികൂട്ടങ്ങൾക്ക് ജീവൻ നൽകാൻ ജീവശാസം നിശ്വസിക്കുമ്പോഴും എസെ 37:9 ഈ പദപ്രയോഗമാണ് എടുത്തിരിക്കുന്നത്. ഇവിടെ യേശു ശിഷ്യർക്ക് പുതിയ ആത്മീയ ജീവൻ നൽകുകയാണ് ചെയ്യുന്നത്. ഉത്ഥാനം ചെയ്ത ദിവസം തന്നെ യേശു ശിഷ്യർക്ക് പരിശുദ്ധാത്മാവിനെ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

**20:23 – ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ:** ആത്മാവാണ് സഭയുടെ പാവം മോചന അധികാരത്തിന്റെ അടിസ്ഥാനവും സ്രോദസ്സും എന്ന് ഇവിടെ സൂചിപ്പിക്കപ്പെടുന്നു. യേശുവിന്റെ കാരുണ്യത്തിന്റെയും അനുരഞ്ജനത്തിന്റെയും ശുശ്രൂഷ അവിടുത്തെ അപസ്തോലന്മാർ വഴി തുടർന്നുകൊണ്ടിരിക്കും. പാപങ്ങൾ ക്ഷമിക്കുന്നതിനും ബന്ധിക്കുന്നതിനും യേശുവിന്റെ നാമത്തിൽ നൽകപ്പെട്ടിരുന്ന അധികാരം മാറ്റിടങ്ങളിൽ കെട്ടുന്നതിനും അഴിക്കുന്നതിനും ഉള്ള അധികാരമാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. പാപമോചനത്തിനുള്ള ഈ അധികാരം കുമ്പസാരം എന്ന കൂദാശയിൽ പ്രയോഗിക്കുന്നുവെന്ന് ത്രെന്തോസ് സൂനഹദോസ് നിരീക്ഷിച്ചു.

**20:28 – എന്റെ കർത്താവേ എന്റെ ദൈവമേ:** യോഹന്നാന്റെ സുവിശേഷത്തിലെ സുപ്രധാന വിശ്വാസ പ്രഖ്യാപനമാണിത്. യാഹ്വേ (കർത്താവ്) എലോഹീം (ദൈവം) എന്നിവ പഴയനിയമത്തിൽ ദൈവത്തിന്റെ പേരുകളാണ്. ദൈവം യേശുവിൽ പൂർണമായി വെളിപ്പെടുന്നത് ദർശിക്കുന്ന തോമസ് ദൈവമായ യേശുവിനെ തന്റെ ജീവിതത്തിന്റെ നാഥനായി പ്രഖ്യാപിക്കുന്നു. വചനം ദൈവമായിരുന്നു എന്ന് സുവിശേഷത്തിലെ ആദ്യ വചനത്തോട് ഈ പ്രഖ്യാപനത്തിന് സാദൃശ്യമുണ്ട്.

**21:3 – മീൻ പിടിക്കാൻ പോകുന്നു:** വീണ്ടും മീൻ പിടിക്കാൻ പോകുന്നത് ശിഷ്യത്വം ഉപേക്ഷിച്ചു പോകുന്നതിന്റെ പ്രതീകമായി ചിലർ കാണുന്നു. ശിഷ്യത്വത്തിൽനിന്ന് അകന്നുള്ള അവരുടെ അധ്വാനം ഫലം പുറപ്പെടുവിക്കുന്നില്ല.

**21:9 – കനൽ കൂട്ടിയിരിക്കുന്നത്:** പുതിയ നിയമത്തിൽ ഇവിടെയും യോഹന്നാൻ 18:18 ലും മാത്രം ഉപയോഗിച്ചിരിക്കുന്ന ഈ പദപ്രയോഗം യേശുവും പത്രോസും തമ്മിൽ നടക്കാനിരിക്കുന്ന സംഭാഷണത്തിന് രംഗപശ്ചാത്തലം ഒരുക്കുന്നു. കനൽ കൂട്ടിയതിനു മുന്നിൽ വച്ച് യേശുവിനെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസിനെ കനലിനു മുമ്പിൽ വച്ചുതന്നെ യേശുവിനെ ഏറ്റുപറയാനുള്ള സന്ദർഭം ഒരുക്കുന്നു. യോഹന്നാൻ 6:1–14 ലെ ഭക്ഷണം തന്നെയാണ് ഇവിടെയും യേശുവാണ് ജീവന്റെ അപ്പവും ദാനങ്ങളുടെ ഉറവിടവും.

**21:15 – ഇവരെക്കാൾ അധികമായി സ്നേഹിക്കുന്നുവോ?:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്കിന് ഇവരെക്കാൾ എന്നോ ഇവയെക്കാൾ എന്നോ അർത്ഥമുണ്ട്. എല്ലാവരെക്കാളും എല്ലാറ്റിനേക്കാളും ഉപരിയായ സ്നേഹമാണ് ഇവിടെ അർത്ഥമാക്കുന്നത്

**21:22 – ഞാൻ വരുന്നതുവരെ:** യേശുവിന്റെ രണ്ടാമത്തെ ആഗമനമാണ് സൂചന.

**21:25 – മറ്റനേകം കാര്യങ്ങൾ:** ഈ സുവിശേഷം എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നതോ സമ്പൂർണ്ണമോ അല്ല എന്നുള്ള സുവിശേഷകന്റെ തന്നെ ബോധ്യം (യോഹന്നാൻ 19:35).

**Fr. Joseph Mattam**
Director
Apostolate of Catechesis & Bible

# Youth Apostolate

## 1. YUVAJANOTSAVA 2025

The KRYC Youth Festival was successfully conducted at Karwar from October 2nd to 5th, 2025. A delegation of 25 youths from Belthangady Diocese, including Fr. Joseph Cheeran (SMYM Director) and Sr. Deepa FCC (Animator), participated in the event. The festival proved to be an enriching and fruitful experience for all involved.

## 2. AURA 2K25

A one-day youth program, AURA 2K25, was organized on October 20th, 2025, by Nellyadi and Arla SMYM members at St. Francis School, Kokkada, under the guidance of Capuchin Fathers. The event saw active participation from 240 youths, who had an enriching and fulfilling day.

## 3. "YUVOTSAVA - 25"

You are cordially invited to participate in the Diocese-level Sports and Cultural Event, "YUVOTSAVA - 25", scheduled to take place on November 15th, 2025, at St. Joseph's Forane Church, Dharmasthala.

Registration will commence at 8:00 am. Please ensure you are aware of the rules and regulations, which have been shared in the respective WhatsApp groups.

All participants are welcome, and we look forward to your active involvement in making this event a grand success!

Venue : St. Joseph's Forane Church, Dharmasthala
Date : November 15th, 2025
Registration Time : 8:00 am onwards.

**Fr. Joseph Cheeran**
Director
Youth Apostolate

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ. ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ.

ದಿನಾಂಕ 27.09.2025 ರಂದು ನವಜೀವನ ಆರೈಕೆ ಬೆಂಬಲ ಕೇಂದ್ರದ ಸದಸ್ಯರಿಗೆ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ವತಿಯಿಂದ ಚಿಕ್ಕಮಗಳೂರಿನ ದೇವರಮನೆಗೆ ಹೊರಸಂಚಾರ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು.

ಅಂದು ಗಂಡಿಬಾಗಿಲು ಸಂತ ತೋಮಸ್ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ. ಫಾ. ಜೋಸ್ ಆಯಾಂಕುಡಿರವರು ಚರ್ಚಿನ ವಿವಿಧ ಸಂಘಟನೆಗಳ ಸಹಕಾರದಿಂದ ಬೆಳಿಗ್ಗೆಯ ಉಪಹಾರದ ವ್ಯವಸ್ಥೆ ಮಾಡಿದ್ದರು. ಒಟ್ಟು 43 ಮಂದಿ ಸದಸ್ಯರು ಈ ಹೊರಸಂಚಾರದಲ್ಲಿ ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 18.10.2025 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕಾರ್ಯಕ್ರಮದ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಕಾರ್ಯಕ್ರಮಕ್ಕೆ ಮುಖ್ಯ ಅತಿಥಿಗಳಾಗಿ ಬೆಳ್ತಂಗಡಿ ಐಸಿಟಿಸಿ ವಿಭಾಗದ ಆಪ್ತ ಸಮಾಲೋಚಕರಾದ ಶ್ರೀ ಧರ್ಮಪಾಲ್ ಹಾಗೂ ಬೆಳ್ತಂಗಡಿ ತಾಲೂಕು ಆಸ್ಪತ್ರೆಯ ಸಮುದಾಯ ಆರೋಗ್ಯ ಅಧಿಕಾರಿಯಾದ ಶ್ರೀ ಸುಂದರ್‌ರವರು ಆಗಮಿಸಿ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂದನೀಯ ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕ ನುಡಿಗಳನ್ನಾಡಿದರು. ಒಟ್ಟು 30 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು. ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 3,000/- ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಂಯೋಜನೆಂಯುನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ-ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ.

ದಿನಾಂಕ 06.10.2025 ರಂದು ಬಂಗಾಡಿ ಲಿಟ್ಲ್ ಫ್ಲವರ್ ಸ್ವ-ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಯಿತು.

ದಿನಾಂಕ 14.10.2025 ರಂದು ನೆಟ್ಟಣ ಮುಂಗಾರು ಸ್ವ-ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಯಿತು.
ದಿನಾಂಕ 14.10.2025 ರಂದು ಯೋಜನೆಯಿಂದ ಕಿರು ಉದ್ದಿಮೆ ಸಾಲ ಪಡೆದ ನೆಟ್ಟಣ ಸಮೃದ್ಧಿ ಸ್ವ-ಸಹಾಯ ಸಂಘದ ಸದಸ್ಯೆ ಶ್ರೀಮತಿ ಶಶಿಕಲರವರ ಫ್ಯಾನ್ಸಿ ಅಂಗಡಿ ಬೇಟಿ ನೀಡಲಾಯಿತು.

ದಿನಾಂಕ 16.10.2025 ರಂದು ಬೆಳ್ತಂಗಡಿ ಅರುಣೋದಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಯಿತು.

ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 8,44,825/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಸ್ವಾವಲಂಬನ್ ಯೋಜನೆ:**

ಆರ್ಥಿಕವಾಗಿ ಹಿಂದುಳಿದ ಹಾಗೂ ಸ್ವ– ಉದ್ಯೋಗ ಮಾಡಲು ಆಸಕ್ತಿ ಇರುವ ಸ್ವ–ಸಹಾಯ ಸಂಘಗಳ ಒಟ್ಟು 31 ಮಂದಿ ಸದಸ್ಯರಿಗೆ ತಲಾ 15,000/–ದಂತೆ ಸಾಲ ಸೌಲಭ್ಯ ನೀಡಲಾಗಿದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೇರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 111 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,179 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 07.10.2025 ರಂದು ಗಂಡಿಬಾಗಿಲು ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಮತ್ತು 15.10.25 ರಂದು ನೆಲ್ಯಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಹಕ್ಕೋತ್ತಾಯ ಮತ್ತು ಜಾಲಬಂಧದ ಬಗ್ಗೆ ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 12.10.2025 ರಂದು ಸಂಪನ್ಮೂಲ ಕ್ರೋಡೀಕರಣದ ಬಗ್ಗೆ ಕೊಕ್ಕಡ ಸಂಘಗಳ ಸದಸ್ಯರಿಗೆ ಶ್ರೀಮತಿ ತೇಜಾವತಿಯವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 14.10.2025 ರಂದು ಲಿಂಗ ಸಮಾನತೆ ಬಗ್ಗೆ ಆಡ್ಡಹೊಳೆ ಸಂಘಗಳ ಸದಸ್ಯರಿಗೆ ಶ್ರೀಮತಿ ತೇಜಾವತಿಯವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 15.10.2025 ರಂದು ಕುಟ್ರುಪ್ಪಾಡಿ ಸಂಘಗಳ ಸದಸ್ಯರಿಗೆ ಮಹಿಳಾ ಹಕ್ಕುಗಳ ಬಗ್ಗೆ ಶ್ರೀಮತಿ ಸುಶೀಲರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 16.10.2025 ರಂದು ಉಚಿತ ಕಾನೂನು ಸೇವೆಯ ಬಗ್ಗೆ ಬೆಳ್ತಂಗಡಿ ಮಹಾಸಂಘ ಸದಸ್ಯರಿಗೆ ಶ್ರೀ ಮಾರ್ಕ್ ಡಿ ಸೋಜಾರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 16.10.2025 ರಂದು ಕಳಂಜ ಮಹಾಸಂಘ ಸದಸ್ಯರಿಗೆ ನಾಯಕತ್ವದ ಬಗ್ಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 18.10.2025 ರಂದು ಬೆಳ್ತಂಗಡಿ ಸಂಘಗಳ ಸದಸ್ಯರಿಗೆ ಸಮೂದಾಯ ಪ್ರೇರಿತ ಅಭಿವೃದ್ಧಿ ವಿಧಾನದ ಬಗ್ಗೆ ಶ್ರೀ ಮಾರ್ಕ್ ಡಿ ಸೋಜಾರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ಸ್ಫೂರ್ತಿ ಸಂಘ ನೆಲ್ಯಾಡಿ ಇದರ ಸದಸ್ಯರು ನೆಲ್ಯಾಡಿ ಪುತ್ಯೆ ರಸ್ತೆ ದುರಸ್ತಿಗಾಗಿ ಮನವಿ ಸಲ್ಲಿಸಿದ್ದು, ರಸ್ತೆ ಕಾಂಕ್ರಿಟೀಕರಣ ಕಾಮಗಾಡಿ ನಡೆದಿದೆ.

ತೋಟತ್ತಾಡಿ, ಗಂಡಿಬಾಗಿಲು, ನೆಲ್ಯಾಡಿ, ಕುಟ್ರುಪ್ಪಾಡಿ, ಬೆಳ್ತಂಗಡಿ, ಕಳಂಜ ಮತ್ತು ಶಿರಾಡಿ ಮಹಾಸಂಘಗಳ ಸದಸ್ಯರಿಗೆ ಮಹಿಳಾ ಆರೋಗ್ಯದ ಬಗ್ಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ

ತಾವ್ರೊರವರು ಮತ್ತು ಮಿಲ್ಲೆಟ್ ಮಿಕ್ಸ್ ಪೌಷ್ಟಿಕ ಆಹಾರದ ಬಗ್ಗೆ ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ಮಾಹಿತಿ ನೀಡಿದ್ದಾರೆ.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 7.10.2025 ರಂದು ಬೀಸಿನಪಾರೆಯಲ್ಲಿ ಆರೋಗ್ಯಕರ ಆಹಾರ ಕ್ರಮದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಪುಷ್ಪಲತಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 11 ಮಂದಿ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 12.10.2025 ರಂದು ಮುದೂರಿನಲ್ಲಿ ಜಂಕ್ ಫೂಡ್‌ನ ದುಷ್ಪರಿಣಾಮಗಳ ಬಗ್ಗೆ ಪಶುಸಖೀ ಶ್ರೀಮತಿ ಬೀನಾ ಜೋಸೆಫ್‌ರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 10 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

**ಸಿರಿಧಾನ್ಯಯುಕ್ತ ಆಹಾರ:**

ನಮ್ಮ ಆರೋಗ್ಯ ಸುಧಾರಿಸುವ ನಿಟ್ಟಿನಲ್ಲಿ ಹಾಗೂ ರೋಗಮುಕ್ತ ಜೀವನ ಸಾಗಿಸುವ ಉದ್ದೇಶದಲ್ಲಿ ಸ್ವ– ಸಹಾಯ ಸಂಘದ ಸದಸ್ಯರಿಗೆ ಹಾಗೂ ಸಾರ್ವಜನಿಕರಿಗೆ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ವತಿಯಿಂದ ಸಿರಿಧಾನ್ಯಯುಕ್ತ ಗಂಜಿ, ನೂಡಲ್ಸ್ ಹಾಗೂ ಮೂಸ್ಲಿಯನ್ನು ಎಲ್ಲಾ ಕಡೆ ನೀಡಿ ಪ್ರೋತ್ಸಾಹಿಸಲಾಗುತ್ತದೆ.

**ಕೇರ್ & ಸೇಫ್ ಸ್ಯಾನಿಟರಿ ನ್ಯಾಪ್ಕಿನ್ ಪೂರೈಕೆ:**

ಹದಿಹರೆಯದ ಹೆಣ್ಣು ಮಕ್ಕಳ ಹಾಗೂ ಮಹಿಳೆಯರ ಆರೋಗ್ಯದ ದೃಷ್ಟಿಯಿಂದ ಹಾಗೂ ಗರ್ಭಕೊರಂಸಳಿನ ಕ್ಯಾನ್ಸರ್‌ನಿಂದ ಸುರಕ್ಷತೆ ಪಡೆಯುವ ನಿಟ್ಟಿನಲ್ಲಿ ಕೇರ್ & ಸೇಫ್ ಸ್ಯಾನಿಟರಿ ನ್ಯಾಪ್ಕಿನ್‌ಗಳನ್ನು ನೀಡಲಾಗುತ್ತದೆ.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಒಟ್ಟು 269 ಮಂದಿ ಆರ್ಥಿಕ ನೆರವು ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು ರೂ. 26,100/ ಧನ ಸಹಾಯ ಲಭಿಸಿರುತ್ತದೆ. ಇದುವರೆಗೆ ಈ ಯೋಜನೆಗೆ ರೂ. 7,20,584/– ಸಂಗ್ರಹವಾಗಿದೆ.

**ಧರ್ಮಜ್ಯೋತಿ ಸ್ಕಾಲರ್‌ಶಿಪ್ ಯೋಜನೆ:**

ದಿನಾಂಕ 30.9.2025 ರಂದು ಧರ್ಮಜ್ಯೋತಿ ಸೋಶಿಯಲ್ ಸೆಂಟರ್ ವಿದ್ಯಾರ್ಥಿ ವೇತನ ಮಕ್ಕಳ ಹಾಗೂ ಪೋಷಕರ ಸಭೆಯು ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಮಕ್ಕಳಿಂದ ದಾನಿಗಳಿಗೆ ಚಿತ್ರಕಲೆ ಹಾಗೂ ಕಾಗದ ಬರೆಸಲಾಯಿತು ಹಾಗೆಯೇ ಪೋಷಕರಿಗೆ ಸೈಬರ್ ಅಪರಾಧದ ಬಗ್ಗೆ ತರಬೇತಿಯನ್ನು ನೀಡಲಾಯಿತು.

**Fr. Varkey Malikayil**
Director
Social Service Department

# St. Vincent De Paul Society

On 2nd September all members of Central Council of Society of St Vincent de Paul (SSVP) visited the bishop elect Mar James Patteril at bishops house along with Fr. Tomy Mattam, CC Spiritual Advisor who always guides and supports the CC and in matters related to Conference where intervention of CC is required.

By 3.30 pm President Bro. BinoyMevada, senior vice President Bro. A.J. Joseph Embrandivayalil, Secretary Bro. Mathew Arackathara, Treasurer Bro. Josepauline, vice President cum joint secretary Bro. N.V. Paulose, Twinning coordinator Bro. IvinIssac C, A.C. president of Thottathady, Bro. Prajwal C., Sis ShainyPeedikaparambil, secretary Belthangady A.C., Bro. Johny K.J., Kankanady AC vice president were present on the occasion.

President Bro.Binoy Mevada greeted the Bishop elect with a bouquet in the customary way followed by all others.

President Bro. Binoy Mevada briefly described to the newly elect Bishop about SSVP and its functioning in the diocese as a CC since 2006, catering to the physical, medical and educational needs of the less fortunate and needy in the society or community. And he sought all blessings, support, guidance of the Bishop in all future activities of the Society. President Bro. Binoy presented a copy of SSVP Statutes, “Reachout” the quarterly magazine of SSVP to the newly elect Bishop.

After that all those who were present introduced themselves.

President Bro. Binoy informed Bishop about the annual general meeting (AGM) of the Society and invited him to the program as the chief guest. And it was decided to hold the AGM on Sunday 30th Nov at Jnananilaya.

Bro. N.V. Paulose who is also the Chairman of Global TV gifted to the Bishop the book “Symbol of Commitment” (പ്രതിബദ്ധതയുടെ പ്രതീകം) he wrote and published on the life of Rev. Fr. Thomas Thaithottathil of Tellichery Archdiocese.

It was more like an informal meeting. Bishop briefly recalled his memories, his life services in Germany and so on. The visit ended with a brief prayer and blessings.

On this occasion we congratulate and pray God Almighty for all blessings with good health on our new Bishop to lead the Diocese and to take it to new heights.

On this occasion we wholeheartedly thank and remember Bishop Mar Lawrence Mukkuzhy who had been always with us inspiring, supporting,and guiding us. We pray Almighty to bless him with good health and cheerful long life.

**Binoy Mevada**
President



# Belthanagdy : Catechetical Teachers' Seminar
## 7th & 8th October 2025










# Belthangady : Mathruvedhi General Body Meeting 01.10.2025



# Belthangady: MGC
## $10^{th}$ -$12^{th}$ October 2025



## Releasing of the Kannada Qurbana Taxa




## Jnananilaya
## 16.10.2025

# Karwar : Yuvajanotsava
## 2nd to 5th October 2025





# Nellyady : Jubilee House Blessing
# 19.10.2025





# Devagiri : Jubilee House Blessing 23.10.2025





# Venur : Community Hall Blessing
# 22.10.2025







# Belthangady: DKRDS Sangostava-2025



## Congratulations to Master Jeswin



**Selected to National Level Volley Team**
**From: St. Savio Eng. Med. School, Thotathady**

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

# ഒക്ടോബർ - 2025

01. രാവിലെ 10.30 ന് ജ്ഞാനനിലയത്തിൽ വച്ച് മാതൃവേദി രൂപതാ തലത്തിലുള്ള വാർഷിക യോഗത്തിൽ അധ്യക്ഷത വഹിച്ചു.

02. രാവിലെ 10.00 ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഗണ്ടിബാഗ് ഇടവകയിലെ കുട്ടികൾക്ക് സന്ദേശം നല്കി.

03. വൈകുന്നേരം 05.00 ന് മൈസൂരിൽ വച്ച് നടന്ന അഭിവന്ദ്യ മാർ ഫ്രാൻസീസ് സേരാവു പിതാവിന്റെ സ്ഥാനാരോഹണ കർമ്മത്തിൽ പങ്കെടുക്കുകയും, പുതിയ മെത്രാന് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

10. രാവിലെ ദീപിക ദിനപത്രത്തിന് അഭിമുഖം നൽകി.

11. രാവിലെ 10.00 ന് ശ്രീ. വിറേന്ദ്ര ഹെഗ്ഗഡെയുമായി കൂടികാഴ്ച്ച നടത്തി.

12. രാവിലെ 07.00 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന വിവാഹ ഒരുക്ക സെമിനാരിൽ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി. വൈകുന്നേരം 04.00 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന വിവാഹ ഒരുക്ക സെമിനാരിന്റെ സമാപന സമ്മേളനത്തിൽ സന്ദേശം നൽകി.

13. വൈകുന്നേരം 05.00 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന കത്തീഡ്രൽ ഇടവക പ്രാർത്ഥനാ കൂട്ടായ്മയുടെ യോഗത്തിൽ പങ്കെടുത്ത് വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് മംഗലാപുരം മേജർ സെമിനാരി സന്ദർശിക്കുകയും വൈദികരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു.

14. രാവിലെ 10.00 ന് മംഗലാപുരത്ത് പച്ച് ബഹു. ഗോമസ് അച്ചന്റെ ജന്മദിനത്തിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച്, സന്ദേശം നല്കുകയും ചെയ്തു.

14-15. പുത്തൂർ സെമിനാരി സന്ദർശിച്ചു.

15. വൈകുന്നേരം 7.00 ന് ബെൽത്തംഗഡിയിൽ ഒ. സി. ഡി. ആശ്രമത്തിൽ (കാർമ്മൽ സദന) വച്ച് വി. അമ്മത്രേസ്യയുടെ തിരുനാളിൽ പങ്കെടുത്തു.

16. ജ്ഞാനനിലയത്തിൽ വച്ച് നടന്ന നവീകരിച്ച കുർബാനയുടെ കന്നട ഭാഷയിലേയ്ക്കുള്ള തർജ്ജിമയുടെ പ്രകാശന കർമ്മത്തിൽ പങ്കെടുത്തു.

18. രാവിലെ 8.30 ന് എസ്. ഡി. പ്രോവിഷ്യൽ സുപ്പീരിയർ ബഹു. സി. ദീപ്തി ജോസ് എസ്. ഡി. യുമായി കൂടികാഴ്ച്ച നടത്തി. രാവിലെ 10.00 ന് ബെൽത്തംഗഡി എഫ്. സി. സി. റീജനൽ ഹൗസിൽ വച്ച് ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ വി. ബലി അർപ്പിച്ച് സന്ദേശം നല്കി.

19. ആറള ഇടവകയിൽ ജൂബിലിയുടെ ഭാഗമായി പണികഴിപ്പിച്ച പുതിയ വീട് വെഞ്ചിരിക്കുകയും താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

21. ജ്ഞാനനിലയത്തിൽ വച്ച് നടന്ന വൈദിക കൂട്ടയ്മയിൽ പങ്കെടുത്തു.

22. വേണൂർ ഇടവകയിൽ പുതിയതായി നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിന്റെ വെഞ്ചിരിപ്പു തിരുകർമ്മങ്ങളിൽ പങ്കെടുത്തു.


23. ദേവഗിരി ഇടവകയിൽ ജൂബിലിയുടെ ഭാഗമായി പണികഴിപ്പിച്ച പുതിയ വീട് വെഞ്ചിരിക്കുകയും താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

24. രൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന മെത്രാഭിഷേകത്തിന്റെ വിവിധ കൺവീനർമാരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

26. വൈകുന്നേരം 05.00 ന് മുണ്ടാജെ ഇടവകയിൽ ഇടവകയുടെ 50-ാം വാർഷികത്തോടനുബനന്ധിച്ച് പുതിയതായി നിർമ്മിച്ച നിത്യാരാധന ചാപ്പൽ വെഞ്ചിരിക്കുകയും, വി. ബലി അർപ്പിക്കുകയും, ഇടവകയുടെ ജൂബിലി ഉദ്ഘാടനം ചെയ്യുകയും, ജൂബിലി തിരി തെളിയിക്കുകയും, നിത്യാരാധന ചാപ്പലിൽ പരിശുദ്ധ കുർബാന പ്രതിഷ്ഠിക്കുകയും ചെയ്തു.

27. ജ്ഞാനനിലയത്തിൽ വച്ച് ഡി.കെ. ആർ. ഡി.എസ്.ന്റെ നേതൃത്വത്തിൽ മഹിള സ്വസഹായ സംഘത്തിന്റെ വാർഷീക ആഘോഷത്തിൽ പങ്കെടുത്തു.

29. രാവിലെ 9.00 മണിക്ക് രൂപതാ കാര്യാലത്തിൽ നടന്ന കൂറിയ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.





# BISHOP JAMES PATTERIL CMF

## BISHOP'S ENGAGEMENTS

## NOVEMBER - 2025

| | | | |
|---|---|---|---|
| 05. | Belthangady | : | Episcopal Consecration |
| 08. | Belthangady | | |
| 09. | Kalanja & Battiyal | | |
| 11. | Evening | : | Mangalore |
| 14. | Belthangady | | |
| 15-17. | Engaged | | |
| 18. | Morning | : | DKRDS |
| | Evening | : | S.D.Convent, Belthangady |
| 19. | Morning | : | Belthangady : Cathedral |
| | Evening | : | Gandibagilu |
| 20-21. | Belthangady | : | Priests' Conference |
| 22. | Morning | : | Nellyady |
| | Evening | : | Mardhala |
| 23. | Morning | : | Nettana |
| | Evening | : | Guthigar |
| 24-26. | Karukutty | | |
| 27. | Tellicherry | : | Inter-Curia Meeting |
| 29. | Belthangady | : | OCD Ashram |
| 30. | Puttur | : | Minor Seminary |



BISHOP'S ENGAGEMENTS

# BISHOP LAWRENCE MUKKUZHY

## NOVEMBER- 2025

| | | | |
|---|---|---|---|
| 01. | Navoor | | |
| 05. | Belthangady | : | Episcopal Consecration |

Registered News Paper
Monthly

**UDAYADEEPA BELTHANGADY**

REGISTERED NO.PTR/105/2024-2026
LICENSED TO POST WITHOUT PREPAYMENT
LICENSE NO. SK/WPP/PTR/219/2024-26
RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**
**ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-**




Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No. 13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No. 13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421, Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879